# പൗരസ്ത്യ കാനോൻനിയമം-ഒരു പഠനം

കേരളത്തിലെ സീറോ-മലബാർ സഭയെ അപകടകരമായി ബാധിക്കുന്ന ഒരു നിയമസംഹിത പൗരസ്ത്യതിരുസംഘം ലത്തീനിൽ നിർമ്മിച്ച് ഈ ഒക്ടോബർ ഒന്നാം തീയതി ഈ സഭയിൽ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ നിയമത്തിന്റെ ഇംഗ്ലീഷ് തർജ്ജമയോ മലയാളം തർജ്ജമയോ ഇതുവരെയായി പ്രസിദ്ധീകരിച്ചിട്ടില്ല. നമ്മുടെ സഭയിലെ സ്വത്തുക്കളെയും ഭരണസംവിധാനത്തെയും വിപരീതമായി ബാധിക്കുന്ന ഈ നിയമത്തെക്കുറിച്ച് മലയാളത്തിൽ നമ്മുടെ റവഡോ പണ്ഡിതന്മാർ ആരും എഴുതി കണ്ടിട്ടുമില്ല.

എന്നാൽ സുപ്രസിദ്ധ കാനോൻ നിയമ വിദഗ്ദ്ധനും റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രൊഫസറും പൗരസ്ത്യസഭകൾക്കായുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ ഉപദേശകനുമായ റവ. ഡോ. ജോർജ് നെടുങ്ങാട്ട് എസ്. ജെ. ഈ നിയമത്തിൽ പതിയിരിക്കുന്ന അപകടങ്ങളെക്കുറിച്ച് ഡൽഹിയിൽനിന്നും ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കുന്ന വിദ്യാജ്യോതി ദൈവശാസ്ത്രമാസികയിൽ രണ്ടു ലക്കങ്ങളിലായി(മെയ്/ജൂൺ)എഴുതിയിട്ടുണ്ട്. അദ്ദേഹത്തിന്റെ സുചിന്തിതമായ അഭിപ്രായത്തിൽ ഈ നിയമം നിലവിൽ വന്നാൽ സീറോ-മലബാർ സഭയിൽ ''സഭാജീവിതം താറുമാറിലാവുകയും'' ''ക്രിസ്തീയവിശ്വാസികൾ അന്ധാളിപ്പിൽ'' ചെന്നുപെടുകയും ചെയ്യും. (SMC will find itself in a difficult position under the new code,with Church life in chaos and Christian faithful in bewilderment......) അദ്ദേഹം തുടരുന്നു: ''ഈ നിയമം അനുസരിച്ച് പൗരസ്ത്യദേശത്തെ സഭാസമൂഹത്തിൽ ജനസംഖ്യയിൽ രണ്ടാം സ്ഥാനമുള്ള നമ്മുടെ സഭ ഒരു ഭ്രഷ്ടസഭയായിത്തീരും.'' (And the new code itself will be seen in a false light for having legislated in such a way as to leave the second largest Oriental Church an outcaste.)

## കൽദായീകരണത്തിന്റെ അപകടം

ഒരു കൽദായ കുർബാനക്രമം നമ്മുടെ ബഹുഭൂരിപക്ഷം മെത്രാന്മാരുടെയും അഭിപ്രായത്തിനു വിരുദ്ധമായി കേരളസഭയിൽ കെട്ടിവച്ചപ്പോൾ സഭാസ്നേഹികളായ പ്രമുഖ നേതാക്കൾ അതിൽ പതിയിരിക്കുന്ന അപകടത്തെ ചൂണ്ടിക്കാണിക്കുകയുണ്ടായി. എന്നാൽ അന്ന് നമ്മുടെ സഭയെയും അതിന്റെ അപ്പോസ്തലിക വ്യക്തിത്വത്തെയും പൗരസ്ത്യദേശത്തെ ഈർക്കിലി സഭകൾക്ക് അടിയറവയ്ക്കാൻ അധികാരത്തിന്റെ അപ്പക്കഷണം പ്രതിഫലമായി വാങ്ങിയ ഈ സഭയിലെ ന്യൂനപക്ഷമെത്രാന്മാരും റവഡോ പണ്ഡിതന്മാരും തയ്യാറാവുകയാണുണ്ടായത്. ഇന്ന് അതിന്റെ പരിണതഫലം നാം കൂടുതലായി അനുഭവിക്കാൻ പോവുകയാണ്.

ഈ പുതിയ കാനോൻ നിയമമനുസരിച്ച് പൗരസ്ത്യദേശത്തെ സഭകളെ അഞ്ച് മാതൃകുടുംബങ്ങളായി തിരിച്ചിരിക്കുന്നു. ആ മാതൃകുടുംബങ്ങളുടെയും

അതിന്റെ പുത്രീസഭകളുടെയും സഭാസംവിധാനത്തിലുള്ള സ്ഥാനവും അംഗസംഖ്യയും താഴെ കൊടുക്കുന്നു:

| മാതൃസഭാ കുടുംബങ്ങൾ | പുത്രീസഭകൾ | സ്ഥാനം | അംഗസംഖ്യ |
|---|---|---|---|
| I അലക്സാണ്ഡ്രിയൻ | 1. കോപ്റ്റിക് | പാത്രിയർക്കീസ് | 152584 |
| | 2. എത്യോപ്യൻ | മെത്രാപ്പോലീത്താ | 118550 |
| II അന്തിയോക്യൻ | 1. സിറിയൻ | പാത്രിയർക്കീസ് | 100245 |
| | 2. മാരോനൈറ്റ് | പാത്രിയർക്കീസ് | 2176152 |
| | 3. സീറോ-മലങ്കര | മെത്രാപ്പോലീത്താ | 281868 |
| III അർമീനിയൻ | 1. അർമീനിയൻ | പാത്രീയർക്കീസ് | 142853 |
| IV കാൽഡിയൻ | 1. കാൽഡിയൻ- | പാത്രീയർക്കീസ് | 46976[illegible] |
| | 2. സീറോ-മലബാർ | മെത്രാപ്പോലീത്താ (2) | 298705[illegible] |
| V കോൺസ്റ്റാന്റിനോപ്പോളിറ്റൻ | 1. ബയോഷ്യൻ | | ? |
| | 2. ബംഗേറിയൻ | | 15000 |
| | 3. ഗ്രീക്ക് | | 2350 |
| | 4. ഹങ്കേറിയൻ | | 272000 |
| | 5. ഇറ്റാലോ, അൽബേനിയൻ | | 61404 |
| | 6. മെൽകൈറ്റ് | പാത്രിയർക്കീസ് | 1024410 |
| | 7. റൊമേനിയൻ(1948-ൽ) | | 1562979 |

പിന്നെ അംഗസംഖ്യ അറിയാൻ പാടില്ലാത്ത കുറെ സഭകളും.

യുക്രേനിയൻ സഭ കഴിഞ്ഞാൽ പൗരസ്ത്യദേശത്തുള്ള സഭകളിൽ ഏറ്റവും കൂടുതൽ അംഗസംഖ്യയുള്ളത് 29,87,050-സീറോ-മലബാർ സഭയ്ക്കാണ്. പൗരസ്ത്യദേശത്തെ സഭകളിൽ അപ്പോസ്തലിക പാരമ്പര്യം അവകാശപ്പെടാൻ കഴിയുന്ന സഭയും സീറോ-മലബാർ സഭതന്നെ. എങ്കിലും ഈ സഭ 4,69,764 അംഗങ്ങളുള്ള കൽദായ സഭയുടെ പുത്രീസഭയായാണ് ഈ കാനോൻ നിയമത്തിൽ കണക്കാക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ അപ്പോസ്തലിക പാരമ്പര്യത്തെയും വ്യക്തിത്വത്തെയും പൂർണ്ണമായി നിഷേധിച്ചുകൊണ്ടാണ് റോമിലെ പൗരസ്ത്യതിരുസംഘം ഇങ്ങനെയൊരു തീരുമാനം എടുത്തത്. കേവലം 1,42,853 അംഗങ്ങളുള്ള അർമേനിയൻ സഭയെ ഒരു പ്രത്യേക മാതൃസഭയായി സ്വീകരിച്ചപ്പോൾ 2000 കൊല്ലത്തെ പാരമ്പര്യമുള്ള ഭാരതസഭയെ കൽദായ സഭയുടെ പാരമ്പര്യത്തിന്റെ കീഴിൽ കൊണ്ടുവന്നിരിക്കുന്നു!!!

ഡോ. നെടുങ്ങാട്ട് നമ്മുടെ സഭയുടെ നിലയെ ഇങ്ങനെ വിവരിക്കുന്നു. ഈ കാനോൻ നിയമമനുസരിച്ച് 4 തരം സഭകളാണുള്ളത്. ഈ സഭകൾ ഒരു അധികാരിയുടെ കീഴിലാണ്. എന്നാൽ സീറോ-മലബാർ സഭയെ ലത്തീൻ സഭയുടെ കാനോൻ നിയമമനുസരിച്ച് രണ്ടു മെത്രാപ്പോലീത്താമാരുടെ കീഴിലാക്കിയിരിക്കുകയാണ്. "The SMC at present, as it consists of two ecclesiastical provinces erected after the pattern of Latin canon law."

ഇതിന്റെ ഫലമായി സുവിശേഷീകരണത്തിനു വ്യക്തിസഭകൾക്കുള്ള അവകാശവും നമ്മുടെ സഭയ്ക്ക് നഷ്ടപ്പെട്ടിരിക്കുകയാണ്. "Now as the new code comes into force, SMC will not be able to invoke any Esi right to evangelization!" അദ്ദേഹം തുടർന്നെഴുതുന്നു: ലാറ്റിനൈസേഷന്റെ ഫലമായി സീറോ-മലബാർ സഭ ഇന്ന് ഒരു സന്നിഗ്ധാവസ്ഥയിലാണ്. ഈ കാനോൻ നിയമത്തിന്റെ കീഴിൽ സഭാഭരണം അസാദ്ധ്യമാണ്. "As a result



of past latinization of canon law itself (not only of liturgy!), the SMC is now in a curious predicament. It will be ungovernable under CCEO."

## നമ്മുടെ സഭയുടെ പ്രത്യേകത

പൗരസ്ത്യദേശത്തെ പുരാതന സഭകളിൽ വിശ്വാസികളുടെ എണ്ണംകൊണ്ടും വിശ്വാസപുഷ്ടതകൊണ്ടും ഒന്നാം സ്ഥാനത്തു നില്ക്കുന്ന സഭയാണ് കേരളത്തിലെ മാർത്തോമ്മാ സഭ. പണ്ട് നമ്മെ കൽദായരും പിന്നീട് ലത്തീൻകാരും അടിമകളാക്കി ചൂഷണം ചെയ്തിട്ടുണ്ട്. ആ അടിമത്തത്തിലേയ്ക്കുള്ള പാതയിലൂടെതന്നെയാണ് കേരളത്തിലെ ഒരു ന്യൂനപക്ഷമെത്രാന്മാർ നാം അറിയാതെ ഇന്ന് നമ്മെ കൊണ്ടുപോകുന്നത്.

കേരളസഭയുടെ ഏഴിലൊന്ന് അംഗസംഖ്യയുള്ള കൽദായസഭയ്ക്ക് സ്വയംഭരണാധികാരമുള്ള ഒരു പാത്രിയർക്കീസും സ്വന്തമായ ഭരണസമ്പ്രദായവുമുണ്ട്. 1,00 245 അംഗങ്ങൾ മാത്രമുള്ള സിറിയൻ സഭയ്ക്കും സ്വയംഭരണാധികാരമുള്ള ഒരു പാത്രിയർക്കീസും ഭരണസംവിധാനവും ഉണ്ട്. നമ്മുടെ സഭയിൽ സ്വയംഭരണാവകാശമില്ലാത്ത 2 ആർച്ച് ബിഷപ്പുമാരാണുള്ളത്. അവർ പരസ്പരം യോജിക്കാതിരിക്കാനുള്ള എല്ലാ തന്ത്രങ്ങളും ഇന്ന് റോം ഒരുക്കിയിട്ടുമുണ്ട്.

ചങ്ങനാശ്ശേരിയിലും എറണാകുളത്തും വ്യത്യസ്തരീതിയിലാണ് കുർബാനകൾതന്നെ. ചങ്ങനാശ്ശേരി അതിരൂപതയും ആ അതിരൂപതയുടെ ഭരണാതിർത്തിയിലുള്ള വടവാതൂർ സെമിനാരിയും പൗരസ്ത്യ വിദ്യാപീഠവും കേരളസഭയെ കൽദായീകരിക്കുന്നതിനുള്ള പൗരസ്ത്യ തിരുസംഘത്തിന്റെ നീക്കങ്ങൾക്ക് ചുവപ്പുപരവതാനി വിരിക്കുകയാണിന്ന്. ഇതിനായി ലക്ഷക്കണക്കിനു പണം കൽദായവാദികൾക്ക ലഭ്യവുമാണ്. അങ്ങനെ നമ്മുടെ സഭയിൽ കലഹമുണ്ടാക്കി പൗരസ്ത്യ സഭാസമൂഹത്തിൽ നമ്മെ അസ്പൃശ്യരാക്കിത്തീർക്കുക എന്നുള്ളതാണ് പൗരസ്ത്യതിരുസംഘത്തിന്റെ ഗൂഢലക്ഷ്യം. ലത്തീനിൽ എഴുതിയുണ്ടാക്കിയ കാനോൻനിയമം ഇന്നുവരെ തർജ്ജമ ചെയ്യുകയോ നമ്മുടെ കത്തോലിക്കാ മാസികകളിൽ അതിന്റെ ഏകദേശ രൂപമെങ്കിലും പ്രസിദ്ധീകരിക്കുകയോ ചെയ്തിട്ടില്ല.

1986-ൽ ബഹുഭൂരിപക്ഷം മെത്രാന്മാരുടെയും എതിർപ്പിനെ അവഗണിച്ചുകൊണ്ട് കേരളസഭയിൽ കൽദായകുർബാനക്രമം പൗരസ്ത്യതിരുസംഘം അടിച്ചേല്പിച്ചപ്പോൾ ആ തിരുസംഘത്തിന്റെ കൈയാളന്മാരായ കൽദായീകരണവാദികൾ, "അയ്യോ! മാർപ്പാപ്പാ തുല്യം ചാർത്തിയ കുർബാനയാണ്. അതിനെ എതിർക്കുന്നതു മാർപ്പാപ്പായോടുള്ള ധിക്കാരമാണ്" എന്നു കൊണ്ടുപിടിച്ച പ്രചാരണം നടത്തി!! ആഗോളസഭയെ ഭരിക്കേണ്ട മാർപ്പാപ്പായ്ക്ക് ഈ കുർബാനക്രമം വായിക്കാൻപോലും സമയം കിട്ടിയിട്ടില്ലെന്ന സത്യം ചിന്തിക്കുന്നവർക്കറിയാം. അതുപോലെ പൗരസ്ത്യതിരുസംഘം ലത്തീനിലെഴുതിയ ഈ കാനോൻനിയമം മാർപ്പാപ്പാ തുല്യം ചാർത്തിയതാണ് അതിനെ എതിർക്കാൻ പാടില്ല എന്നു വാദിച്ച് നമ്മെ കൽദായനുകത്തിൻകീഴിൽ കൊണ്ടുവരുന്നതിന് ഒരു ചെറിയ ന്യൂനപക്ഷം മെത്രാന്മാർ ഇന്ന് അണിയറയിൽ ചരടുവലിക്കുന്നു.

## രണ്ടാം വത്തിക്കാനുശേഷം

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഡിക്രിയനുസരിച്ച് കത്തോലിക്കാസഭ വിവിധ വ്യക്തിസഭകളുടെ കൂട്ടായ്മയാണ്. വത്തിക്കാൻ സൂനഹദോസിനു മുമ്പ് ലത്തീൻ സഭയുടെ നിയമങ്ങളും ക്രമങ്ങളും അധികാരസംവിധാനങ്ങളും പൗരസ്ത്യദേശങ്ങളിലെ സഭയുടെമേൽ കെട്ടിവച്ചിരുന്നു. ഇതു പൂർണ്ണമായും തെറ്റാണെന്നു പ്രഖ്യാപിച്ചുകൊണ്ട് കത്തോലിക്കാ സഭയുടെ ഘടനയെ വത്തിക്കാൻ സൂനഹദോസ് പുനർനിർവ്വചിച്ചു. "അതിനാൽ പൗരസ്ത്യസഭകൾക്കും പാശ്ചാ

ത്യസഭകളെപ്പോലെതന്നെ തങ്ങളുടെ പ്രത്യേക ശിക്ഷണത്തിനനുസരിച്ചു സ്വയം ഭരിക്കാനുള്ള അവകാശവും കടമയുമുണ്ടെന്ന് ഈ കൗൺസിൽ ഔദ്യോഗികമായി പ്രഖ്യാപിക്കുന്നു. ഇവയെല്ലാം സംപൂജ്യമായ പൗരാണികത്വത്താൽ വിശ്വാസികളുടെ ആചാരാനുഷ്ഠാനങ്ങളോട് ഏററം ഒത്തുപോകുന്നതും ആത്മാക്കളുടെ നന്മയ്ക്കു കൂടുതൽ ഉപകരിക്കുന്നതുമാണ്. അതിനാൽ അവ അത്യന്തം അഭിനന്ദനീയം തന്നെ.'' (പൗരസ്ത്യസഭകൾക്കായുള്ള ഡിക്രി)

പൗരസ്ത്യസഭകൾക്കുള്ള ഈ ഡിക്രിയനുസരിച്ച് പൗരസ്ത്യദേശത്തെ ഓരോ സഭയ്ക്കും അതിന്റെ പൂർവ്വ പാരമ്പര്യങ്ങളിലേയ്ക്കും പ്രത്യേക ശിക്ഷണമനുസരിച്ച് സ്വയം ഭരിക്കാനുള്ള അവകാശത്തിലേയ്ക്കും തിരിച്ചുപോകാൻ അവകാശവും കടമയും ലഭ്യമായി. ഈ പാരമ്പര്യത്തിൽനിന്നും ശിക്ഷണക്രമത്തിൽനിന്നും കാലത്തിന്റേയോ വ്യക്തികളുടേയോ സമ്മർദ്ദത്താൽ വ്യതിചലിച്ചുപോയിട്ടുണ്ടെങ്കിൽ ആ പൂർവ്വപാരമ്പര്യങ്ങളിലേയ്ക്കു മടങ്ങിപ്പോകാനുള്ള അവകാശവും നമുക്കു തന്നിട്ടുണ്ട്.

നൈയാമികമായും പാരമ്പര്യമനുസരിച്ചും നാം ഒരു പൗരസ്ത്യസഭയല്ല. കാരണം, പൗരസ്ത്യസഭയെന്നാൽ പൗരസ്ത്യറോമൻ സാമ്രാജ്യത്തിൽ വളർന്നു വികസിച്ച സഭകളെന്നാണർത്ഥം. പൗരസ്ത്യറോമൻ സാമ്രാജ്യത്തിനുള്ളിൽ വളർന്നു വികസിച്ച സഭകൾക്ക് അവരുടേതായ പാരമ്പര്യവും ശിക്ഷണരീതികളും ഉണ്ട്. എന്നാൽ അപ്പോസ്തലികസഭയായ ഭാരതസഭയുടെ പാരമ്പര്യം ഈ സഭകളുടെ പാരമ്പര്യത്തിൽനിന്നും തികച്ചും വ്യത്യസ്തമാണ്.

## കൽദായതന്ത്രം

2-ാം വത്തിക്കാൻ സൂനഹദോസിന്റെ ഡിക്രി പ്രഖ്യാപിക്കപ്പെട്ടതിനു ശേഷം സീറോ-മലബാർസഭയെ കൽദായസഭയുടെ നുകത്തിൻകീഴിൽ കൊണ്ടുവരുന്നതിന് ഒരു സമ്മർദ്ദഗ്രൂപ്പ് റോമിൽ രൂപംകൊണ്ടു. അവരും അവരുടെ കൈയാളരും വളരെ ഗ്രന്ഥങ്ങൾ രചിച്ച് ചരിത്രത്തെ വളച്ചൊടിച്ച് നമ്മുടെ പാരമ്പര്യത്തെ തെററിദ്ധരിപ്പിച്ച് അപ്പോസ്തലികസഭയായ ഭാരതസഭ കൽദായസഭയുടെ ഭാഗമാണെന്നു വരുത്തിത്തീർക്കാൻ കഴിഞ്ഞ 30 കൊല്ലക്കാലമായി പരിശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇതിൽ പ്രധാനി പരേതനായ ഫാ. പ്ലാസിഡായിരുന്നു. അദ്ദേഹം റോമിൽ തമ്പടിച്ച് അവിടെ പഠിക്കാനെത്തുന്ന വൈദികരുടെ മനസ്സിൽ ഈ കൽദായപക്ഷപാതം കുത്തിവച്ചു. ആദ്യംമുതൽ ഇതിനെ പ്രഗത്ഭരായ നമ്മുടെ മെത്രാന്മാർ എതിർത്തുപോന്നു. നാം അപ്പോസ്തലിക പാരമ്പര്യമുള്ള ഭാരതീയ കത്തോലിക്കരാണെന്നും കൽദായയിലെ നെസ്തോറിയൻ സഭയുമായി നമുക്കുണ്ടായിരുന്ന ബന്ധം ചരിത്രത്തിന്റെ സമ്മർദ്ദംകൊണ്ട് ഉണ്ടായിട്ടുള്ളതാണെന്നും അവർ വാദിച്ചു. എന്നാൽ പരിണതപ്രജ്ഞരായ നമ്മുടെ മെത്രാന്മാരുടെ അഭിപ്രായങ്ങളെ പൂർണ്ണമായി അവഗണിച്ചുകൊണ്ട് നമ്മെ കൽദായ നുകത്തിൽ കെട്ടിയിടുന്നതിനു റോമാ പരിശ്രമിച്ചു (കാണുക ''ലിററർജി എന്റെ ദൃഷ്ടിയിൽ'' കർദ്ദിനാൾ പാറേക്കാട്ടിൽ).

കൽദായ ലിററർജി വള്ളിപുള്ളി വ്യത്യാസമില്ലാതെ നമ്മുടെമേൽ കെട്ടിവച്ചാൽ നമ്മുടെ പാരമ്പര്യം കൽദായമാണെന്നു തന്ത്രപൂർവ്വം സ്ഥിരീകരിക്കാമെന്നും പൗരസ്ത്യതിരുസംഘം മനസ്സിലാക്കി. അങ്ങനെ നമ്മുടെ പൈതൃകം കൽദായമാണെന്നു വരുത്തിത്തീർത്തുകൊണ്ടാണ് കൽദായ കുർബാനക്രമം നമ്മുടെമേൽ കെട്ടിവച്ചത്. കേരളസഭയെ കൽദായീകരിക്കുന്നതിനുള്ള നടപടിയാണ് ലിററർജി പ്രശ്നത്തിൽ അന്തർഭവിച്ചിരിക്കുന്നത് എന്ന നമ്മുടെ ഭയം ഈ കാനോൻനിയമത്തിന്റെ നടപ്പാക്കലിലൂടെ ഇന്ന് വാസ്തവമായിത്തീർന്നിരിക്കുന്നു. നമ്മുടെ സഭാപാരമ്പര്യങ്ങളെ പൂർണ്ണമായി അവഗണിച്ചുകൊണ്ട് ഉള്ളതാണ് ഈ നിയമം എന്നു കൂടുതൽ പഠനത്തിൽനിന്നും നമുക്കു മനസ്സിലാക്കാം.



## മാർത്തോമ്മായുടെ നിയമം

പൗരസ്ത്യവിദ്യാപീഠം പ്രസിദ്ധീകരിച്ച Juridical Sources of the Syro-Malabar Church എന്ന Dr. Andrews Thazhath-ന്റെ ഗ്രന്ഥത്തിൽ മാർത്തോമ്മായുടെ നിയമത്തെക്കുറിച്ച് (Law of Thomas) വളരെ സുദീർഘമായി പ്രതിപാദിക്കുന്നുണ്ട്. അദ്ദേഹം എഴുതുന്നു: ''മാർത്തോമ്മാ ക്രൈസ്തവർ എന്നും അഭിമാനപൂർവ്വം കണക്കാക്കിയിരുന്ന ആശയമാണ് മാർത്തോമ്മായുടെ സഭയും ആ സഭയ്ക്ക് ബാധകമായിരുന്ന മാർത്തോമ്മായുടെ നിയമവും. പാശ്ചാത്യക്രൈസ്തവരുടെ ജീവിതവും (ലത്തീൻകാരുടെ ആചാരവും നിയമവും) ആയി അവർ ബന്ധപ്പെട്ടുകഴിഞ്ഞപ്പോൾ ഈ ആശയം കൂടുതൽ ശക്തമായി. മാർത്തോമ്മായുടെ നിയമം എന്നതുകൊണ്ട് അവർ ഉദ്ദേശിക്കുന്നത് അപ്പോസ്തലനായ മാർത്തോമ്മായുടെ കാലംമുതൽ പാരമ്പര്യമായി അവർക്കു ലഭിച്ചിരുന്ന ആചാരങ്ങളും നിയമങ്ങളുമാണ്.'' ഡോ. താഴത്ത് തുടർന്നെഴുതുന്നു: ''Law of Thomas as a christian discipline is founded on Christ and His teachings'' (Christu marga/Christ the way) ക്രിസ്ത്യൻ ശിക്ഷണം എന്ന നിലയിൽ മാർത്തോമ്മായുടെ നിയമം ക്രിസ്തുവിന്റെ പഠനങ്ങളിൽ അടിസ്ഥാനമാക്കിയിട്ടുള്ളതാണ്. ആ മാർത്തോമ്മായുടെ നിയമം എന്തായിരുന്നു എന്ന് അദ്ദേഹം തുടർന്നെഴുതുന്നു: ''The administration of the Church was carried on by the assembly of the Thomas Christians called Yogam. There were three kinds of yogam: The Parish Assembly (Edavaka Yogam), Regional Assembly (Desiya Yogam) and general Assembly (Maha Yogam or Potu Yogam or Malabar/Malankara Church Yogam''.)

സഭയുടെ ഭരണം നടത്തിപ്പോന്നത് യോഗം എന്നറിയപ്പെട്ടിരുന്ന മാർത്തോമ്മാ ക്രൈസ്തവരുടെ സമ്മേളനമായിരുന്നു. മൂന്നുതരം യോഗങ്ങളാണ് ഉണ്ടായിരുന്നത്.

1. ഇടവകയോഗം
2. പ്രാദേശികയോഗം
3. പൊതുയോഗം അല്ലെങ്കിൽ മഹായോഗം / മലങ്കരപ്പള്ളിയുടെ യോഗം

മലബാർ-സഭയിൽ അൽമായർക്കുണ്ടായിരുന്ന വലിയ സ്ഥാനം നമ്മുടെ പള്ളിഭരണ സമ്പ്രദായത്തിൽനിന്നും വളരെ വ്യക്തമാണ്.

ഡോ. കൂടപ്പുഴ എഴുതുന്നു: മെത്രാന് മാർത്തോമ്മായുടെ നിയമമനുസരിച്ച് ആദ്ധ്യാത്മിക അധികാരം മാത്രമേ ഉണ്ടായിരുന്നുള്ളു. അവർക്ക് (മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക്) ബിഷപ്പന്മാരും പുരോഹിതരും ഭരണാധികാരികളായിരുന്നില്ല. അവർ ആദ്ധ്യാത്മികരായിരുന്നു. ഗുരുസ്ഥാനീയർ ആയിരുന്നു.

അദ്ദേഹം എഴുതുന്നു: ''പള്ളിയുടെ ഭരണം നടത്തിയിരുന്നതും പള്ളിയോഗമാണ്. കുടുംബത്തലവന്മാരും തദ്ദേശവൈദികരും ഉൾപ്പെട്ട ഒരു യോഗമാണ് ഓരോ സ്ഥലത്തേയും പള്ളിഭരണം നടത്തിയിരുന്നത്. ഇടവക വൈദികരിൽ പ്രായം ചെന്ന ആളാണ് പള്ളിയോഗത്തിന്റെ അദ്ധ്യക്ഷൻ. അദ്ദേഹംതന്നെയാണ് പള്ളിയിലെ കർമ്മാനുഷ്ഠാനങ്ങൾ നിയന്ത്രിച്ചിരുന്നതും. പള്ളിയോഗം പള്ളിയുടെ ഭൗതികസ്വത്തുക്കളുടെ മാത്രമല്ല ഇടവകയിലെ ക്രിസ്തീയ ജീവിതം മുഴുവന്റേയും മേലന്വേഷണം വഹിച്ചിരുന്നു. പരസ്യപാപം സംബന്ധിച്ച കേസുകൾ തീരുമാനിച്ചിരുന്നത് ഈ യോഗമാണ്. സഭാസമൂഹത്തിൽനിന്ന് തൽക്കാലത്തേയ്ക്ക് പുറന്തള്ളുവാൻ അധികാരവും യോഗത്തിനുണ്ടായിരുന്നു.''

മലബാർസഭ അവളുടെ പാരമ്പര്യം പൂർണ്ണമായും സമുദ്ധരിക്കേണ്ടിയിരിക്കുന്നു. ഒരു വ്യക്തിസഭയെ അവളുടെ പാരമ്പര്യത്തിൽനിന്നും അവളുടെ

സ്വന്തമായവയിൽനിന്നും പറിച്ചെടുത്ത് വേറൊരു വ്യക്തിസഭയെ അനുകരിക്കുകയും അവരുടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുമ്പോൾ ആ വ്യക്തിസഭ ദരിദ്രയായിത്തീരുന്നു. അടിമത്തപരമായ അനുകരണം ഒരാളുടെ വ്യക്തിത്വത്തെയും വിശ്വാസ്യതയെയും നശിപ്പിക്കുന്നു. അപ്പോസ്തലിക പാരമ്പര്യം ഏതെങ്കിലും ഒരു സഭയുടെമാത്രം കുത്തകയല്ല. അപ്പോസ്തലിക പാരമ്പര്യമുള്ള വിവിധ സഭകളുടെ കൂട്ടായ്മയാണ് ആഗോള കത്തോലിക്കാസഭയുടെ പാരമ്പര്യം. സഭയെക്കുറിച്ചുള്ള ഈ കാഴ്ചപ്പാടിൽവേണം മാർത്തോമ്മാ ക്രൈസ്തവരുടെ പാരമ്പര്യത്തെ മനസ്സിലാക്കാനും വിലയിരുത്താനും. ക്രൈസ്തവമതത്തോളംതന്നെ പുരാതനമായ ഇന്ത്യയിലെ മാർത്തോമ്മായുടെ സഭ അവരുടെ യഥാർത്ഥ പാരമ്പര്യത്തെ വ്യാഖ്യാനിച്ച് വിവിധ വ്യക്തിസഭകളുടെ കൂട്ടായ്മയായ ആഗോളസഭയെ സമ്പന്നമാക്കേണ്ടിയിരിക്കുന്നു.''

## പൗരസ്ത്യ കാനോൻനിയമത്തിലെ അപകടം

പൗരസ്ത്യ കാനോൻ നിയമത്തിൽ മാർത്തോമ്മായുടെ പാരമ്പര്യമുള്ള നമ്മുടെ സഭയെ അത്തരം ഒരു പാരമ്പര്യം അവകാശപ്പെടാത്ത, അഞ്ചാം നൂറ്റാണ്ടിൽ മാത്രം വ്യക്തിസഭയായിത്തീർന്ന, കൽദായസഭയുടെ പുത്രീസഭയായാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. കൽദായ കുർബാനക്രമം നമ്മുടെമേൽ അടിച്ചേല്പിക്കുക വഴി ആരാധനക്രമകാര്യത്തിൽ നമ്മുടെ പാരമ്പര്യം പൂർണ്ണമായും കൽദായമാണെന്നു വരുത്തിത്തീർത്തു കഴിഞ്ഞു. കൽദായസഭയുടെ പുത്രീസഭയായി നമ്മെ കണക്കാക്കി പൗരസ്ത്യസഭയുടെ ഭാഗമായി കണക്കാക്കുകവഴി നമ്മുടെ സഭാപാരമ്പര്യവും പൂർണ്ണമായും കൽദായമാക്കിക്കഴിഞ്ഞിരിക്കുന്നു.

നമ്മുടെ ധന്യമായ പാരമ്പര്യമെന്ന് ഏവരും പ്രകീർത്തിക്കുന്ന പള്ളിയോഗം ഇനിമേൽ യാതൊരു അധികാരവുമില്ലാത്ത ലത്തീൻക്രമമനുസരിച്ചുള്ള ഒരു ഉപദേശകസമിതി മാത്രമായിരിക്കും. നമ്മുടെ എല്ലാ പാരമ്പര്യങ്ങളും പൂർണ്ണമായും നിഷേധിച്ചുകൊണ്ട് രൂപം കൊടുത്തിരിക്കുന്ന ഈ കാനോൻനിയമം സഭയുടെ വ്യക്തിത്വത്തെ പൂർണ്ണമായും നശിപ്പിക്കും.

ഡോ. നെടുങ്ങാട്ട് പറയുന്നതുപോലെ ഇനിമുതൽ അപ്പോസ്തലികസഭയായ ഭാരതത്തിലെ മാർത്തോമ്മാ മക്കൾ സഭാകൂട്ടായ്മയിലെ ഒരു ഭ്രഷ്ടസഭയായി കണക്കാക്കപ്പെടും. സഭാജീവിതം താറുമാറിലാകും; വിശ്വാസികൾ അന്ധാളിപ്പിലും.

## നമുക്കെന്താ ചേതം?

ഇന്ന് വിശ്വാസികളിൽ സഭാകാര്യങ്ങളിൽ പൂർണ്ണമായ നിസ്സംഗത വന്നുഭവിച്ചിരിക്കുന്നു. സഭ മെത്രാനും കുറെ റവഡോ പണ്ഡിതന്മാരുംകൂടി നടത്തിക്കൊള്ളട്ടെ എന്നും നമുക്ക് അതിലെന്താ കാര്യമെന്നും അല്ലെങ്കിൽ കാര്യമുണ്ടെങ്കിൽതന്നെ പറഞ്ഞിട്ടെന്താ കാര്യമെന്നും ഉള്ള നിരാശാബോധം സഭാംഗങ്ങളെയും വൈദികരെയും ബാധിച്ചിരിക്കുന്നു. ഈ ജഡതയും അകർമ്മണ്യതയും സമുദായത്തെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം അപകടകാരിയാണ്. മെത്രാന്റെയും റവഡോ പണ്ഡിതന്മാരുടേയുമല്ല സഭ. സഭ വിശ്വാസികളുടേതാണ്. അൽമായരുടെയും ഇടവകവൈദികരുടെയും കൂട്ടായ്മ. നമ്മുടെമേൽ അടിച്ചേല്പിക്കുന്ന എന്തും നാം നിസ്സംഗരായി സ്വീകരിക്കും എന്നുള്ള ധിക്കാരത്തിലാണ് ഇന്നു പൗരസ്ത്യതിരുസംഘത്തിലെ കൽദായലോബി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. നാലുലക്ഷത്തിച്ചില്വാനം മാത്രം അംഗസംഖ്യയുള്ള കൽദായസഭയ്ക്ക് വീണ്ടും നമ്മെ അടിമകളാക്കണം. ഇതിന് ഒരു ചെറിയ വിഭാഗം



മെത്രാന്മാരെയും കുറെ റവഡോ പണ്ഡിതന്മാരെയും അവർ വിലയ്ക്കെടുത്തിരിക്കുകയാണിന്ന്. ഈ കൽദായീകരണത്തിനെതിരെ നാം ശബ്ദമുയർത്തിയില്ലെങ്കിൽ നമ്മുടെ സഭ ഭാരത സംസ്കാരത്തിൽനിന്ന് അന്യവല്ക്കരിക്കപ്പെട്ട് വൈദേശികമുഖം വീണ്ടും അണിയേണ്ടിവരും.

## നമ്മുടെ പൂർവ്വികരുടെ പാരമ്പര്യം

സഭയെ സ്നേഹിച്ചിരുന്ന പൂർവ്വികന്മാർ ഇത്തരം അപകടസന്ധികളിൽ ശക്തമായി പ്രതികരിച്ചതിന്റെ ഫലമായാണ് ഇന്നും സീറോ-മലബാർ സഭ ആഗോള സഭാകൂട്ടായ്മയിൽ വിശ്വാസപുഷ്കലമായ ഒരു സഭയായി നിലനില്ക്കുന്നത്. പാശ്ചാത്യസഭ നമ്മെ അടിമത്തത്തിലേയ്ക്ക് ആനയിച്ചപ്പോൾ നമ്മുടെ പിതാക്കന്മാർ അതിനെതിരെ എത്രയെത്ര സമരം നയിച്ചു!

സ്വന്തം ജീവൻ നഷ്ടപ്പെടുമെന്ന ഭയമുണ്ടായിരുന്നിട്ടും പാശ്ചാത്യ സഭാധികാരം ഉറഞ്ഞുതുള്ളിയപ്പോൾ അതിനെതിരെ പാറപോലെ ഉറച്ചുനിന്ന സമുദായസ്നേഹിയായ ഗീവർഗീസ് അർക്കാദിയാക്കോൻ (1632) നമ്മുടെ പള്ളികളെ പാശ്ചാത്യമെത്രാന്മാരും മിഷനറിമാരും പിടിച്ചെടുക്കാനാരംഭിച്ചപ്പോൾ, കൊച്ചിരാജാവിന്റെ അധികാരപിന്തുണയോടെ പോർട്ടുഗീസ് വൈസ്രോയിയും പട്ടാളവും ഭീഷണമായി കൊച്ചിയിൽ തമ്പടിച്ചിരുന്നപ്പോൾ, നമ്മുടെ പിതാക്കന്മാർ 4500 ഓളം പേർ മട്ടാഞ്ചേരിയിലെ കുരിശിൽ ആലാത്തുകെട്ടി ഞങ്ങളും ഞങ്ങളുടെ പിൻതലമുറയും പൗരസ്ത്യരുടെ കീഴിലിരിക്കില്ലായെന്നു പ്രഖ്യാപിച്ചു! അതിനു നേതൃത്വം നൽകിയ സഭാസ്നേഹികളായ മാർത്തോമ്മാ അർക്കാദിയാക്കോൻ, ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻകത്തനാർ മുതലായ പുണ്യപുരുഷന്മാർ പാശ്ചാത്യർക്കെതിരെ ഭാരതീയർ നടത്തിയ ആദ്യത്തെ ക്വിറ്റ് ഇന്ത്യാ സമരത്തിനു നേതൃത്വം നൽകിയ പിതാക്കന്മാരായിരുന്നു എന്ന് നമുക്ക് അഭിമാനിക്കാം. മാർത്തോമ്മാമക്കളുടെ ഭാരതത്തനിമയെ നിലനിർത്തുന്നതിന് പോർച്ചുഗീസുകാർ വച്ചുനീട്ടിയ സാമ്പത്തികോപഹാരങ്ങളെ മറുകാലുകൊണ്ട് തട്ടിനീക്കാൻ അന്നു കത്തനാരന്മാർക്കും അൽമായർക്കും കഴിഞ്ഞു. കാരണം അവരിൽ നിറഞ്ഞുതുളുമ്പിയിരുന്നത് യേശുവിലുള്ള ധീരതയായിരുന്നു; ഭാരതീയതയിലുള്ള വേരുറപ്പായിരുന്നു. ആ സ്വാതന്ത്ര്യസമരം നയിച്ച പിതാക്കന്മാരുടെ പിൻതലമുറക്കാരായ നാം ചരിത്രം ചവച്ചുതുപ്പി കൽദായസഭയുടെ തൊഴുത്തിൽ വിടുപണി ചെയ്യണമോ?

1772-ൽ അങ്കമാലിയിൽ കൂടിയ ക്രൈസ്തവരുടെ മഹാ സമ്മേളനത്തിൽ വച്ച് പാശ്ചാത്യമെത്രാന്മാരുടെ ധിക്കാരത്തിനെതിരെ സമരനിര സൃഷ്ടിച്ച മുട്ടത്തുപള്ളി ചാക്കോ കത്തനാർ, ഇടവഴിക്കൽ ചാക്കോ, വരാരപ്പള്ളിൽ ചാക്കോ, പാറേമ്മാക്കൽ ഗോവർണ്ണദോർ മുതലായ ധീരാത്മാക്കളുടെ രക്തവും പാരമ്പര്യവുമാണ് നമുക്കുള്ളത്. നമ്മുടെ പള്ളികളെ പിടിച്ചെടുക്കാൻ ഇറങ്ങിപ്പുറപ്പെട്ട പാശ്ചാത്യ മെത്രാനു നേരെ കൈചൂണ്ടി പാറേമ്മാക്കൽ ഗോവർണ്ണദോർ ഇങ്ങനെ പ്രഖ്യാപിച്ചു: ''മലങ്കരയുള്ള പള്ളികളുടെ പേരും പറഞ്ഞ് റോമിൽനിന്നു നീ ഇരന്നു മേടിച്ച് ഞങ്ങളുടെ പട്ടക്കാർക്കു കൊടുക്കുന്ന രണ്ടു കുപ്പി വീഞ്ഞും മുന്നാഴി കോതമ്പും ഓർത്ത് മലങ്കരയുള്ള പട്ടക്കാരെല്ലാം നിന്റെ കീഴിൽ കിടന്നുകൊള്ളുമെന്നു നീ വിചാരിക്കുന്നോ. ഇല്ല, തീർച്ചയായും ഇല്ല. നിന്റെ ഈ വിചാരം തികഞ്ഞ വിഡ്ഢിത്തമാണ്'' (വർത്തമാനപ്പുസ്തകം പേജ് 359). ധർമ്മരോഷത്തിൽ കടുക വറുത്ത ആ സഭാസ്നേഹിയുടെ വാക്ശരം കേൾക്കുക. ''മലങ്കരയുള്ള പള്ളികൾ മിഷനറിമാരുടെ തന്തമാർ പണിയിച്ചതാണെന്നും, ഇവിടത്തെ ജനങ്ങൾ മിഷനറിമാരുടെ അടിമകളും വിടുപണിക്കാരുമാണെന്നും മിഷനറിമാരുടെ അനുവാദം കൂടാതെ പള്ളിക്കാർക്ക് ഇവിടെ ഒന്നും ചെയ്യാൻ സാധിക്കുകയില്ലെന്നും. പക്ഷേ, ഞാൻ നിന്നോടു പറയട്ടെ. നീ അത്രയൊന്നും ഉറച്ചിരിക്കണ്ട. നിന്റെ ഉപായവും തട്ടിപ്പുംകൊണ്ട് ഞങ്ങളുടെ പള്ളിക്കാരിൽ ചിലർ

നിന്നെ സേവിച്ചു നിൽക്കുന്നുണ്ടെങ്കിലും ഞങ്ങളുടെ പള്ളികൾ നിന്റെ കാരണവന്മാർ പണിയിച്ചതൊന്നുമല്ല. ഞങ്ങളെയും ഞങ്ങളുടെ പള്ളികളെയും ആരും നിനക്കു വിററിട്ടുമില്ല. ഞങ്ങളുടെ യോഗത്തിനു നിന്നെ സ്വീകരിക്കാൻ മനസ്സുണ്ടെങ്കിൽ സ്വീകരിക്കും. മനസ്സില്ലെങ്കിൽ ബലം പ്രയോഗിച്ചു സ്വീകരിപ്പിക്കാൻ നിന്നെക്കൊണ്ടു സാദ്ധ്യമല്ല. ഇതു നല്ലവണ്ണം ധരിച്ചുകൊള്ളുക'' (മുൻഗ്രന്ഥം, പേജ് 366).

ആ പിതാക്കന്മാരുടെ സമുദായസ്നേഹം കെടാതെ സൂക്ഷിച്ച എത്രയെത്ര പേരെ നമ്മുടെ സമുദായം പ്രസവിച്ചിട്ടുണ്ട്. കടക്കച്ചിറ അന്തോനിച്ചൻ, നിധിയിരിക്കൽ മാണിക്കത്തനാർ...മുതലായ എത്രയെത്ര പ്രതിഭാശാലികൾ. അവരുടെ വിശ്വാസവും അവരുടെ സഭാസ്നേഹവും ത്യാഗവും പകർന്ന എണ്ണയിലാണ് കേരള സഭയുടെ വിശ്വാസത്തിന്റെ ശക്തമായ ദീപം ഇന്നും എരിഞ്ഞു നിൽക്കുന്നത്. മുക്കാൽ ചക്രത്തിനുവേണ്ടി പാതിരിമാരുടെ കാലു നക്കിയവർ ചരിത്രത്തിന്റെ കുത്തൊഴുക്കിൽ ആരോരുമറിയാത്തവരായി മറഞ്ഞപ്പോൾ ഈ മഹാ മനീഷികളുടെ ഹൃദയരക്തത്തിൽ എഴുതിയ വിശ്വാസമാണ് ഇന്നത്തെ സഭയുടെ ജീവശക്തിയായത്.

വീണ്ടും നമ്മെ കൽദായ നുകത്തിൻ കീഴിൽ കെട്ടിയിരുത്തുന്നതിന് അരമനകളിലും സെമിനാരികളിലും അധികാരഅപ്പക്കഷണം ഭുജിക്കുന്ന കുറെപ്പേർ ഗൂഢാലോചന നടത്തുമ്പോൾ സഭാസ്നേഹത്താൽ പ്രചോദിതരായി അകർമ്മണ്യത വെടിഞ്ഞ് രംഗത്തിറങ്ങാൻ സഭാസ്നേഹികൾ തയ്യാറായേ മതിയാവൂ. അല്ലെങ്കിൽ മാർത്തോമ്മായുടെ പാരമ്പര്യവും പറഞ്ഞ് നാം കൽദായന്റെ അടിമകളായി വിഴുപ്പു ചുമക്കേണ്ടിവരും!!!

ജോസഫ് പുലിക്കുന്നേൽ
ഡയറക്ടർ
ഭാരതീയ ക്രൈസ്തവ പഠനകേന്ദ്രം

പാലാ
10-10-'91

വായിക്കുക ഓശാന !

സഭയിൽ അടിഞ്ഞുകൂടിയിരിക്കുന്ന അധികാര മാലിന്യങ്ങൾക്കെതിരെ ശക്തമായ ശബ്ദം

ഓശാന
പി. ബി. നമ്പർ 31
ഓശാനനഗർ, പാലാ

The Word Printers, Palai